കളും ഗതാഗത യോഗ്യമാക്കുന്നതിന് മറ്റു ഡിവിഷനുകളിൽ നിന്നും റോളറുകളും വാങ്ങി അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഉപമുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം എല്ലാ മണ്ഡലങ്ങളെയും പൊതുവായിട്ട് ബാധിക്കുന്നതാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ പ്രധാനമായും രണ്ടു റോഡുകളാണ് ഉള്ളത്. കുറ്റക്കാനം—ഏലപ്പാറ റോഡ്, കോട്ടയം—കുമിളി റോഡ്. കോട്ടയം—കുമിളി റോഡിൽ അഞ്ചു കിലോമീറ്ററിൽ പണി പൂർത്തിയായിക്കഴിഞ്ഞു. മൂന്നര കിലോമീറ്ററിന്റെ പണിയുടെ ഏർപ്പാട് ചെയ്തു വരികയാണ്. കുറ്റിക്കാനം—ഏലപ്പാറ റോഡിൽ മഴ കാരണം കുറെ വർക്ക് തടസപ്പെട്ടു എന്നത് ശരിയാണ്. റോളർ ഇല്ലാത്ത തടസമോ സാങ്കേതിക തടസമോ കൊണ്ട് ഒരു വർക്കും തടസപ്പെട്ടിട്ടില്ല.

(10) മണലൂർ നിയോജകമണ്ഡലത്തിലെ യാത്രാക്ലേശം

ശ്രീ. എം. എം. ഹസ്സൻ : സർ, ഗുരുവായൂരിൽ നിന്ന് മണലൂർ മണ്ഡലത്തിലേക്ക് പാവറട്ടി-കാഞ്ഞാണി വഴി പോകുന്ന നിരവധി ബസുകളും റദ്ദാക്കാൻ നീക്കമുള്ളതായി അറിയുന്നു. ആ പ്രദേശത്തുള്ള ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുകളും യാത്രാക്ലേശങ്ങളും ഉണ്ടാക്കിയിരിക്കയാണ്. സർ, അങ്ങയുടെ നിയോജകമണ്ഡലത്തിൽ പാവറട്ടി, കാഞ്ഞാണി വഴി പോകുന്ന ബസുകളും റദ്ദാക്കാൻ പോകുന്നു എന്നൊരാശങ്ക ജനങ്ങളിൽ ഉണ്ടായിട്ടുണ്ട്. ഈ യാത്രാക്ലേശം മൂലം ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ പരിഹരിക്കുന്നതിന് ജനങ്ങളും പ്രക്ഷുബ്ധരായിരിക്കുകയാണ്. അതിന് അടിയന്തിര പരിഹാരമുണ്ടാക്കാൻ ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി സത്വര നടപടി സ്വീകരിക്കണമെന്ന് അങ്ങേക്കു വേണ്ടിയും ഈ സഭയ്ക്കുവേണ്ടിയും ഞാൻ അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) : സർ, അങ്ങയുടെ നിയോജകമണ്ഡലത്തിൽക്കൂടി കടന്നു പോയിരുന്ന ചില വണ്ടികളും ഗുരുവായൂരിൽ നിന്ന് അഴീക്കോട്, കൊടുങ്ങല്ലൂർ പ്രദേശത്തേക്ക് പോകുന്ന വണ്ടികളും ചേറ്റുവാ പാലം തുറന്നതോടുകൂടി ആ പാലത്തിലൂടെ കടന്നു പോകണമെന്ന് ഒരു പ്രൊപ്പോസൽ വരികയുണ്ടായി. ഈ മാസം 7-ാം തീയതി ബഹുമാനപ്പെട്ട ചെയറിൽ നിന്ന് ഇതിനെക്കുറിച്ച് അഭിപ്രായം ഉണ്ടാവുകയും ഈ പ്രശ്നം തൃശ്ശൂർ ആർ. ടി. ഒ.യെ വിളിച്ച് ചർച്ച ചെയ്യുകയും ചെയ്തു. എന്നാൽ നേരത്തെ ഇഷ്യു ചെയ്ത നോട്ടീസിന്റെ അടിസ്ഥാനത്തിൽ ആർ. ടി. ഒ. യെ മീറ്റ് ചെയ്തു. ഏതായാലും ഇതിന്റെ ആക്ഷൻ കൗൺസിലിന്റെ അംഗങ്ങൾ എന്നെ വന്നുകാണുകയുണ്ടായി. ഇന്നലെ ഞാൻ തൃശ്ശൂർ ജില്ലാ കളക്ടറുമായി ഫോണിൽ ബന്ധപ്പെടുകയുണ്ടായി. ഒരു കാരണവശാലും മുല്ലശ്ശേരി, പാവറട്ടി, കാഞ്ഞാണി, വാടാനപ്പള്ളി വഴി ഇപ്പോൾ ഓടിക്കൊണ്ടിരിക്കുന്ന വണ്ടികൾ—ചേറ്റുവാ പാലം തുറക്കുന്നതിന് മുമ്പ് ഓടിക്കൊണ്ടിരുന്ന വണ്ടികൾ—ഡീവിയേറ്റ് ചെയ്യുകയോ റൂട്ട് മാറ്റി ഓടിക്കുകയോ ചെയ്യുകയില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് തരികയാണ്. ജനങ്ങൾക്ക് ഇതുമൂലം യാതൊരു വിധത്തിലുള്ള യാത്രാക്ലേശവും ഉണ്ടാകരുതെന്ന് നിർബന്ധമുണ്ട്. അതോടൊപ്പം തന്നെ മറ്റൊരു വസ്തുതയുമുണ്ട്. ചേറ്റുവാ പാലത്തിലൂടെ ഗുരുവായൂർ നിന്ന് കൊടുങ്ങല്ലൂർ പോകുന്ന ഒരു യാത്രക്കാരന് പാവറട്ടി, മുല്ലശ്ശേരി, കാഞ്ഞാണി കൂടി പോകുമ്പോഴുള്ള ഫെയറിനെക്കാൾ ഒരു രൂപ നാല്പതു പൈസ ലാഭമാണ്. അതുകൊണ്ട് കൊടുങ്ങല്ലൂർ, ഗുരുവായൂർ റൂട്ടിലെ

LIBRARY ARCHIVES Kerala Legislative Assembly

ജനങ്ങളും അതിനുവേണ്ടി പ്രസ് ചെയ്യുന്നു. അതുകൊണ്ടാണ് അങ്ങനെ ഒരാവശ്യം പൊന്തിവന്നത്. ചേറുവാ പാലം തുറക്കുന്നതിനു മുമ്പ് ആ വഴിയുണ്ടായിരുന്ന പ്രൈവറ്റ് ബസ് സർവ്വീസും കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസും റീട്ടെയിൻ ചെയ്യാനുള്ള നടപടികളും സ്വീകരിക്കുന്നതാണ്. ഈ കാര്യത്തിൽ എനിക്ക് വ്യക്തിപരമായി ആ പ്രദേശവുമായി ബന്ധമുള്ളതുകൊണ്ട് ബഹുമാനപ്പെട്ട ചെയറിന്റെ പ്രശ്നം പോലെതന്നെ ഞങ്ങൾക്കും പ്രശ്നങ്ങളുണ്ട്. അവരവരുടെ നിയോജകമണ്ഡലത്തിലെ പ്രശ്നങ്ങൾ വരുമ്പോൾ റെയ്സ് ചെയ്യാൻ പറ്റാത്ത അവസ്ഥയുണ്ട്. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട ചെയർ ഞങ്ങളെ സഹായിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

(11) ഏഴിമല നേവൽ അക്കാഡമി

ശ്രീ. എം. വി. രാഘവൻ : സർ, നേവൽ അക്കാഡമി ഏഴിമലയിൽ സ്ഥാപിക്കുമെന്നു കേന്ദ്ര ഗവൺമെന്റ് നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റ് ഭൂമിയെല്ലാം അക്വയർ ചെയ്ത് ഏല്പിച്ചുകൊടുത്തെങ്കിലും നേവൽ അക്കാഡമിയെ സംബന്ധിച്ച് യാതൊരു നടപടികളും കേന്ദ്ര ഗവൺമെന്റ് നടത്തുന്നില്ല. ഭൂമി അന്യാധീനപ്പെട്ടു പോകാനാണെന്നു തോന്നുന്നു അവിടെ ഒരു മതിൽ കെട്ടുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് വേറെ നടപടികളൊന്നും എടുക്കുന്നില്ല. നമ്മുടെ അന്തരിച്ച പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി തന്നെ അന്ന് തറക്കല്ലിടുമെന്ന് പറഞ്ഞതാണ്. അതു സംബന്ധിച്ച് ഒരു നടപടിയും പിന്നീട് ഉണ്ടായിട്ടില്ല. മാത്രമല്ല കൊച്ചിയിലുള്ള നേവൽ അക്കാഡമി ഇപ്പോൾ താൽക്കാലികമെന്ന പേരിൽ ഗോവയിലേക്ക് മാറ്റുകയും ചെയ്തിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റ് ചിലർക്ക് ഭൂമി കൊടുത്തുവെന്ന് ഇന്നലെ ഒരു ചോദ്യത്തിന് മറുപടിയായി പറഞ്ഞു. ഭൂമി കൊടുത്തുവെന്നല്ലാതെ ആ ഭൂമി കൊടുത്ത സ്ഥലത്തുള്ള കോളനികളിലേക്കു പോകാൻ റോഡോ അവിടെയുള്ളവർക്ക് വെള്ളമോയില്ല. വെള്ളമില്ലാത്തതിന് കാരണം അവിടെ ട്യൂബ് വെൽ ആണ് കുഴിച്ചിട്ടുള്ളത്. ട്യൂബ് വെൽ കുഴിക്കാൻ വേണ്ടി അതിന്റെ യന്ത്രം കൊണ്ടുപോകാൻ കഴിയുന്നില്ല. അതുകൊണ്ട് അവിടെയുള്ളവർക്ക് വെള്ളം കൊടുക്കാൻ കിണറു കുഴിക്കണം. അവിടെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളോ സ്കൂളുകളോ ഒന്നും തന്നെ ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടില്ല. നേവൽ അക്കാഡമി വരുന്നതോടുകൂടി പയ്യന്നൂർ വികസിപ്പിക്കേണ്ട ഒരു പദ്ധതി ഗവൺമെന്റിന്റെ മുമ്പിലുണ്ടായിരുന്നു. ഇപ്പോൾ അത് ഉപേക്ഷിച്ച മട്ടാണ്. പയ്യന്നൂർ ഒരു മുനിസിപ്പാലിറ്റിയായി ഉയർത്തുന്ന കാര്യം രണ്ടു കൊല്ലം മുമ്പ് അഖിലകക്ഷി നിവേദക സംഘത്തോട് പറഞ്ഞിട്ടുള്ളതാണ്. അത് ഇതുവരെയും ചെയ്തിട്ടില്ല. പയ്യന്നൂർ താലൂക്കിന്റെ പ്രശ്നം അധോഗതിയിലാണ്. കെ. എസ്. ആർ. ടി. സി. യിൽ ഉള്ള ഷെഡ്യൂളുകളും തന്നെ നിർത്തുകയാണ്. മുനിസിപ്പാലിറ്റിയുടെ കാര്യമായാലും താലൂക്കായിട്ട് ഉയർത്തുന്ന കാര്യമായാലും കെ. എസ്. ആർ. ടി. സി. യുടെ കാര്യമായാലും പയ്യന്നൂർ നഗരത്തിന്റെ വികസനം..... ..... പയ്യന്നൂർ ആശുപത്രി വികസിപ്പിക്കുമെന്നു പറഞ്ഞു. അതെല്ലാം ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. സ്റ്റേറ്റ് ഗവൺമെന്റ് നേവൽ അക്കാഡമിയുടെ പേരിൽ എടുത്ത മുഴുവൻ നടപടികളും നിർത്തിവച്ചിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് ആകെയുള്ള ഭൂമി അന്യാധീനപ്പെടുന്നതിനു ഒരു മതിൽ കെട്ടുകയാണ് ചെയ്തത്. താൽക്കാലികമെന്നു പറഞ്ഞ് അക്കാഡമിയുടെ കേന്ദ്രം ഇപ്പോൾ ഗോവയിലേക്ക് മാറ്റി. അത് അവിടെ സ്ഥിരമാക്കാൻ പോകുന്നു എന്ന ആശങ്ക ജനങ്ങളിൽ ഉണ്ടായിട്ടുണ്ട്. വളരെയധികം കഷ്ടപ്പാട് അനുഭവിച്ചുകൊണ്ടാണ് ജനങ്ങൾ ഭൂമി ഒഴിഞ്ഞു കൊടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly